I ഇ.ബി. XIII – കേരള നിയമസഭ/II-13

# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2011 ഒക്ടോബർ 17, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**അടിയന്തരപ്രമേയം**

**റെയിൽവേ ചരക്കുകൂലി വർദ്ധന**

മി. ഡെപ്യൂട്ടി സ്പീക്കർ : റെയിൽവേ ചരക്കുകൂലി ആറ് ശതമാനം വർദ്ധിപ്പിക്കുകയും ഉടൻ പ്രാബല്യത്തിൽ വരുത്തുകയും ചെയ്തിരിക്കുന്നതുമൂലം ഭക്ഷ്യവസ്തുക്കളുടെ വില ഉയരാൻ ഇടയാക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. എളമരം കരീം, മുല്ലക്കര രത്നാകരൻ, മാത്യു.റ്റി. തോമസ്, കോവൂർ കുഞ്ഞുമോൻ, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : കഴിഞ്ഞ ഒരു വർഷമായി റെയിൽവേ ചരക്കുകൂലി വർദ്ധിപ്പിച്ചിട്ടില്ല. എല്ലാ വർഷവും ചരക്ക് ഗതാഗതത്തിൽ ഒക്ടോബർ ഒന്നു മുതൽ ജൂൺ 30 വരെയുള്ള ബിസി സീസണിൽ

സർച്ചാർജ് ഈടാക്കാറുണ്ട്. ബിസി സീസൺ സർച്ചാർജ് 7 ശതമാനമായിരുന്നത് ഇപ്പോൾ 10 ആക്കി വർദ്ധിപ്പിച്ച് 15-10-2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഇതിൻമേലുള്ള ഡെവലപ്മെന്റ് ചാർജ് 2 ശതമാനമായിരുന്നത് 5 ആക്കിയിട്ടുണ്ട്. ചരക്ക് ഗതാഗതം പ്രോപ്പറായി റെഗുലേറ്റ് ചെയ്യുന്നതിന് കാലാകാലങ്ങളിൽ ഇങ്ങനെ നിരക്ക് വർദ്ധിപ്പിക്കാറുണ്ട്. പ്രധാനമായും എഫ്.സി.ഐ. അരി, സിമന്റ്, വളം എന്നിവ റെയിൽവേ വഴിയും നിത്യോപയോഗ സാധനങ്ങൾ റോഡുവഴിയുമാണ് കേരളത്തിലേക്ക് എത്തുന്നത്. എഫ്.സി.ഐ.അരിയുടെ ഫ്രൈറ്റ് ചാർജ് കൂടിയാലുണ്ടാകുന്ന ബാധ്യത എഫ്.സി.ഐ.-യെ മാത്രമാണ് ബാധിക്കുന്നത് എന്നതിനാൽ കേരളത്തിൽ അരി വിലവർദ്ധന ഉണ്ടാകുകയില്ല. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. എളമരം കരീം</u> : റെയിൽവേയുടെ ചരക്കുകൂലി വർദ്ധിപ്പിക്കാനുള്ള തീരുമാനം കേരളത്തിലെ ജനങ്ങളെ എങ്ങനെ ബാധിക്കുന്നുവെന്നത് ഗൗരവമായി ചർച്ച ചെയ്ത് ബന്ധപ്പെട്ടവരെ അറിയിക്കേണ്ടത് സഭയാണ്. പെട്രോളിയം ഉത്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചപ്പോൾ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടി ഇക്കാര്യത്തിലും മാതൃകയാക്കാവുന്നതാണ്. ഫ്രൈറ്റ് ചാർജ് വർദ്ധനവിന്റെ ഭാഗമായി വരുന്ന അധികച്ചെലവ് ജനങ്ങളെ ബാധിക്കാതിരിക്കാൻ സ്വീകരിക്കുന്ന നടപടി സർക്കാർ വ്യക്തമാക്കണം. ചരക്ക് ഗതാഗതത്തിന്റെ ബിസി സീസണാണെന്ന് അറിവുണ്ടായിട്ടും വർദ്ധനവ് നടപ്പാക്കിയിരിക്കുന്നത് അപഹാസ്യമാണ്. ബിസി സീസൺ ചാർജ് 10 ശതമാനമാക്കിയതിനുപുറമെ ഡെവലപ്മെന്റ് സർച്ചാർജ് 5 ശതമാനമായി വർദ്ധിപ്പിക്കുന്നത് ചരക്കുകൂലി ഇനത്തിൽ അധികച്ചെലവ് ഉണ്ടാക്കും.

റെയിൽവേവഴി കൊണ്ടുവരുന്ന ചരക്കുകൾക്ക് ഇതുമൂലം 7,000 കോടി രൂപയുടെ സർച്ചാർജ് ഈടാക്കപ്പെടും. രാജ്യത്തെ വ്യവസായ വളർച്ചാ നിരക്ക് 4.1 ശതമാനമായി കുറഞ്ഞുവരുന്ന ഈ സന്ദർഭത്തിൽ സിമന്റ്, ഇരുമ്പയിര് തുടങ്ങിയ ഉത്പന്നങ്ങളുടെ കടത്തുചാർജ് വർദ്ധന വ്യവസായ മേഖലയെ ദോഷകരമായി ബാധിക്കുകയും പണപ്പെരുപ്പം വർദ്ധിക്കുകയും വിലക്കയറ്റം രൂക്ഷമാകുകയും ചെയ്യുമെന്ന കാര്യത്തിൽ തർക്കമില്ല. പൊതുവിതരണ മേഖല ശക്തിപ്പെടുത്താൻ ഫലപ്രദമായ ഒരു നടപടിയും ഗവൺമെന്റ് സ്വീകരിക്കുന്നില്ല. സബ്സിഡികൾ നിറുത്തലാക്കുന്നതിനെക്കുറിച്ച് കേന്ദ്ര സർക്കാർ ആലോചിക്കുകയാണ്. പെട്രോൾ, ഡീസൽ, പാചകവാതകം, മണ്ണെണ്ണ എന്നിവയുടെ വിലവർദ്ധനമൂലം സാധാരണ ജനങ്ങൾക്ക് ഒരു മാസം ശരാശരി 600 രൂപയുടെ അധികച്ചെലവ് വരുന്ന സാഹചര്യത്തിൽ റെയിൽവേ ചരക്കുകൂലികൂടി വർദ്ധിപ്പിച്ചിരിക്കുന്നതിന്റെ ആഘാതം ഏറ്റവുമധികം അനുഭവിക്കേണ്ടിവരുന്നത് കേരളത്തിലെ ജനങ്ങളാണ്. ജനങ്ങളുടെ ഉൽക്കണ്ഠയും പ്രതിഷേധവും കേന്ദ്രത്തെ അറിയിക്കണം. റെയിൽവേയുടെ കാര്യത്തിൽ കേരളത്തിന് അർഹമായത് ലഭിക്കുന്നില്ല. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>) : എല്ലാ വർഷവും ചരക്കുകൂലി സർച്ചാർജും അതിന്മേലുള്ള ഡെവലപ്മെന്റ് ചാർജും പ്രഖ്യാപിക്കുന്നത് ബിസി സീസണിൽ റെയിൽവേ എടുക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. എഫ്.സി.ഐ. കൊണ്ടുവരുന്ന അരിയുടെ അധികച്ചെലവ് എഫ്.സി.ഐ. തന്നെ വഹിക്കണം. കൺസ്യൂമർ സ്റ്റേറ്റ് എന്ന

നിലയിൽ ചരക്കുകൂലിയിൽ വരുന്ന വർദ്ധനവ് കേരളത്തെ ബാധിക്കുമെന്നതിനോട് യോജിക്കുന്നു. ഇതുസംബന്ധിച്ച് സഭയിൽ പ്രകടിപ്പിച്ച വികാരം കേന്ദ്രത്തെ അറിയിക്കുന്നതാണ്. കേരളത്തിനാവശ്യമായ മറ്റു പല സാധനങ്ങളും റോഡ് മാർഗ്ഗം കൊണ്ടുവരുന്നതിനാൽ ഈ വർദ്ധനവിന്റെ കാഠിന്യം അല്പം കുറയും. കോച്ച് ഫാക്ടറിക്ക് തറക്കല്ലിടുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ നീങ്ങിയിരിക്കുകയാണ്. എറണാകുളം-കായംകുളം, കോട്ടയം-ആലപ്പുഴ റൂട്ടിൽ പാത ഇരട്ടിപ്പിക്കൽ നടന്നുകൊണ്ടിരിക്കുകയാണ്. റെയിൽവേ ഇലക്ട്രിഫിക്കേഷൻ വർക്കുകൾ പുരോഗമിക്കുന്നു. പാലക്കാട്-പൊള്ളാച്ചി, കൊല്ലം-ചെങ്കോട്ട റൂട്ടുകൾ ബ്രോഡ്ഗേജ് ആക്കുന്ന പ്രവൃത്തി നടന്നുവരുന്നു. സംസ്ഥാനത്തെ മുഴുവൻ റെയിൽവേ വർക്കുകളുടേയും കോ-ഓർഡിനേഷൻ നടത്തുന്നതിനും ഫലപ്രദമായി മോണിറ്റർ ചെയ്യുന്നതിനും വേണ്ടി ചീഫ് ഓപ്പറേറ്റിംഗ് ഓഫീസറെ നിയോഗിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. കൂടുതൽ ട്രെയിനുകൾ അനുവദിക്കുന്നതിനുവേണ്ടി തുടർന്നും സമ്മർദ്ദം ചെലുത്തുന്നതാണ്. റെയിൽവേ വികസനത്തിനുള്ള ശ്രമം ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഇ.പി. ജയരാജൻ, ഇ. ചന്ദ്രശേഖരൻ, സി.കെ. നാണു, കോവൂർ കുഞ്ഞുമോൻ, എ.കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ അംഗങ്ങൾ പ്രസ്താവന നടത്തിയ ശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തു പോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) രോഗനിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ വിപുലീകരണം

ശ്രീ. തോമസ് ഉണ്ണിയാടൻ: ഇന്നത്തെ ജീവിതശൈലിയുടെ ഫലമായി ഹൃദ്രോഗം, പ്രമേഹം, രക്തസമ്മർദ്ദം, ക്യാൻസർ, വൃക്കരോഗം, കരൾരോഗം, പകർച്ചവ്യാധികൾ എന്നിവ കേരളത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുന്നു. ഇത്തരം അസുഖങ്ങൾ ബാധിച്ച് മരണപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നു. രോഗബാധിതരുടെ കുടുംബങ്ങൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യം പഠനവിധേയമാക്കി ആശ്വാസ നടപടികൾ സ്വീകരിക്കുകയും രോഗനിർമ്മാർജ്ജന പ്രവർത്തനങ്ങൾ വിപുലീകരിക്കുകയും ചെയ്യണം. ഈ പ്രതിസന്ധി നേരിടാൻ സംസ്ഥാനത്ത് പൊതുജനാരോഗ്യ സംരക്ഷണത്തിന് ഒരു നയവും നിയമവും കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): അർബുദം, വൃക്കരോഗം, എയ്ഡ്സ്, അൾഷിമേഴ്സ് തുടങ്ങിയവമൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നതിനും പരിചരിക്കുന്നതിനും കോഴിക്കോട് മെഡിക്കൽ കോളേജിലെ സാന്ത്വന ചികിത്സാവിഭാഗം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് കെയർ ഡിപ്പാർട്ടുമെന്റായി മാറ്റിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ടുമെന്റിന്റേയും മറ്റ് മെഡിക്കൽ കോളേജുകളിൽ അനസ്തേഷ്യ ഡിപ്പാർട്ടുമെന്റിന്റേയും കീഴിൽ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. മെഡിക്കൽ കോളേജുകളിലും റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നീ സ്ഥാപനങ്ങളിലും ക്യാൻസർ ചികിത്സ ലഭ്യമാണ്. ക്യാൻസർ രോഗചികിത്സയ്ക്കായി 2011-12 വർഷം 70 ലക്ഷം രൂപ അനുവദി

ച്ചിട്ടുണ്ട്. ക്യാൻസർ നിർണ്ണയ ക്യാമ്പുകൾക്ക് 7.25 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുണ്ട്. ബി.പി.എൽ. രോഗികൾക്കായി 30,000/- രൂപയുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതിയും ഹൃദ്രോഗം, വൃക്കരോഗം, കരൾരോഗം, അർബുദം എന്നീ അസുഖങ്ങൾക്ക് 70,000/- രൂപയുടെ ചിസ് പ്ലസ് പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. നിർദ്ധനരായ രോഗികൾക്ക് ആരോഗ്യ വകുപ്പുമന്ത്രിയുടെ ക്ഷേമനിധിയിൽ നിന്നും രണ്ടായിരം രൂപ ധനസഹായം നൽകിവരുന്നു. സംസ്ഥാനത്ത് നിലവിലുള്ള എട്ട് എ.ആർ.ടി. കേന്ദ്രങ്ങൾ, ഒൻപത് എ.ആർ.ടി. ഉപകേന്ദ്രങ്ങൾ, ഏഴ് കമ്മ്യൂണിറ്റി കെയർ സെന്ററുകൾ, പതിനാല് പ്രത്യാശാ കേന്ദ്രങ്ങൾ എന്നിവ വഴി എയ്ഡ്സ് ബാധിതർക്ക് പരിചരണവും പിന്തുണയും ചികിത്സയും നൽകിവരുന്നു. മാരകരോഗങ്ങളുടെ ചികിത്സാ ചെലവ് വഹിക്കുന്നതിന് വിപുലമായ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കുന്നതിനുള്ള ശ്രമം നടന്നുവരുന്നു. വിലകൂടിയ മരുന്നുകൾ കുറഞ്ഞചെലവിൽ നേരിട്ട് വിതരണം ചെയ്യാനുള്ള പദ്ധതിക്കും ഉടൻ തുടക്കം കുറിക്കുന്നതാണ്. ആരോഗ്യ പരിരക്ഷയ്ക്കായി പ്രത്യേക നിയമം ഉണ്ടാക്കുന്നത് സംബന്ധിച്ച് ആലോചിക്കാവുന്നതാണ്.

### (2) <u>കുട്ടനാട്ടിലെ ജലമലിനീകരണം</u>

<u>ഡോ. ടി.എം. തോമസ് ഐസക്</u>: കുട്ടനാട്ടിൽ വേമ്പനാട് കായൽ പ്രദേശങ്ങളിൽ ജലമലിനീകരണം രൂക്ഷമായിരിക്കുകയാണ്. ജലമലിനീകരണത്തെയും പെസ്റ്റിസൈഡ്സ് റെസിഡുവൽസിനേയുംകുറിച്ചുള്ള പഠനങ്ങൾ വെളിവാക്കുന്നത് ജലാശയങ്ങളുടെ സ്ഥിതി അപകടകരമാണെന്നാണ്. മനുഷ്യവിസർജ്ജ്യങ്ങളും പാടത്തും നദികളുടെ വൃഷ്ടി പ്രദേശത്തും ഉപയോഗിക്കപ്പെടുന്ന കീടനാശിനികളുടെ അവശിഷ്ടങ്ങളും

ഹൗസ്ബോട്ടുകളിൽ നിന്നുള്ള മാലിന്യങ്ങളും അടിഞ്ഞുകൂടുന്നതിനാൽ മനുഷ്യവാസയോഗ്യമല്ലാത്ത ഒരു പ്രദേശമായി കുട്ടനാട് മാറിക്കൊണ്ടിരിക്കുകയാണ്. ആലപ്പുഴയിൽ ജലജന്യ പകർച്ചവ്യാധി പിടിപെടുന്നതിൽ കുട്ടനാട്ടിലെ ജലമലിനീകരണത്തിന് പ്രധാന പങ്കുണ്ട്. മൽസ്യസമ്പത്തും ടൂറിസവും ക്ഷയിക്കുന്ന രീതിയിൽ മലിനീകരണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. തണ്ണീർമുക്കം ബണ്ടിന്റെ അശാസ്ത്രീയ നിർമ്മാണവും പ്രവർത്തനവുമാണ് ഇതിന് പ്രധാന കാരണം. കുട്ടനാട് വികസനത്തിൽ ശാസ്തീയമായ ബണ്ടുനിർമ്മാണം ഉണ്ടാകണം. മലിനീകരണ പ്രശ്നത്തിൽ ശക്തമായി ഇടപെടണം. ഒരു വർഷം തണ്ണീർമുക്കം ബണ്ട് ഓരുവെള്ളം കയറുന്നതിനായി തുറന്നിടണം. മഴവെള്ള സംഭരണിക്ക് സ്വാമിനാഥൻ പാക്കേജിൽ അനുവദിച്ചിരിക്കുന്ന തുക വർദ്ധിപ്പിക്കുകയും കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുകയും ഹൗസ്ബോട്ടുകൾക്ക് കോമൺ ഫെസിലിറ്റി സെന്റേഴ്സ് ഏർപ്പെടുത്തുകയും ചെയ്യണം. ജലമലിനീകരണ നിയന്ത്രണത്തിനായി ബന്ധപ്പെട്ടവരുടെ യോഗം അടിയന്തിരമായി വിളിച്ചുചേർക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പമ്പ, അച്ചൻകോവിൽ, മണിമല, മീനച്ചിൽ, മൂവാറ്റുപുഴ തുടങ്ങിയ നദികൾ വന്നുചേരുന്ന വേമ്പനാട്ട് കായലിലെ മാലിന്യപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് കുട്ടനാട് പാക്കേജിൽ സ്കീമുകൾ അനുവദിച്ചിട്ടുണ്ട്. വേമ്പനാട്ട് കായലിന്റേയും ഇതിലേക്ക് വരുന്ന നദികളുടേയും പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതാണ്. കുട്ടനാട്ടിലെ പാടങ്ങളിലെ ചെളിയുടേയും മണ്ണിന്റേയും സാമ്പിൾ പരിശോധിച്ചതിൽ കീടനാശിനികളുടെ അംശം കണ്ടെത്തിയിട്ടുണ്ട്. കുട്ടനാട്ടിൽ ഇരുപ്പൂ കൃഷിക്ക് ഉപയോഗിക്കുന്ന കീടനാശിനികളും രാസവള

ങ്ങളും പാരിസ്ഥിതികവും പൊതുജനാരോഗ്യപരവുമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇത്തരം മാലിന്യങ്ങൾ തണ്ണീർത്തട ജൈവ വൈവിദ്ധ്യ ത്തിനും തദ്വാര മനുഷ്യർക്കും ഭീഷണിയാകുന്ന അവസ്ഥ സംജാതമായിട്ടു ണ്ട്. പാരിസ്ഥിതിക സന്തുലിതാവസ്ഥ പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യ ത്തോടുകൂടി കുട്ടനാട് പാക്കേജിലെ വിവിധ പദ്ധതികൾ നടപ്പിലാക്കിവരിക യാണ്. തണ്ണീർമുക്കം ബണ്ടിന്റെ പ്രവർത്തനം പഠിക്കുന്നതിന് ചെന്നൈ ഐ. ഐ.ടി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ശാസ്ത്രീയ മേൽനോട്ടത്തോടുകൂടി കർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും പരിസ്ഥിതിക്കും ഹാനികര മാകാത്തവിധം ബണ്ട് പ്രവർത്തിപ്പിക്കാനാകുമെന്നാണ് കരുതുന്നത്. കായലിന്റെ പുനരുദ്ധാരണത്തിന് വേമ്പനാട് ഇക്കോ ഡെവല്മെന്റ് അതോറിറ്റി രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കുട്ടനാടിന്റേയും വേമ്പനാട് കായലിന്റേയും മലിനീകരണം തടയുന്നതിന് കേന്ദ്ര സഹായ ത്തോടുകൂടി ഒരു ബൃഹത് പദ്ധതിക്ക് രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ട് നടപ്പുവർഷം ശബരിമലയിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി അഞ്ചുകോടി രൂപ അനുവദിക്കുന്നതാണ്. കുട്ടനാട് പാക്കേജ്, നദീ സംരക്ഷണം, വേമ്പനാട് ഇക്കോ ഡെവലപ്മന്റ് അതോറിറ്റി എന്നിവ സംയോജിപ്പിച്ചുകൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. കുട്ടനാട് പാക്കേജി നെക്കുറിച്ച് ചർച്ച ചെയ്യാൻ പ്രോസ്പിരിറ്റി കൗൺസിൽ വിളിച്ചുകൂട്ടുന്ന അവസരത്തിൽ തണ്ണീർമുക്കം ബണ്ട് തുറക്കുന്ന കാര്യവും കുടിവെള്ള പ്രശ്നവും കൂടി ചർച്ചചെയ്ത് തീരുമാനമെടുക്കുന്നതാണ്.

**സബ്മിഷൻ**

## (1) സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാൻ നടപടി

ശ്രീ. ജോസ് തെറ്റയിൽ: സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ജന പ്രതിനിധികൾക്ക് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഈ നിർദ്ദേശം തത്വത്തിൽ അംഗീക രിക്കുന്നു. ഇപ്പോൾ ഗവൺമെന്റ് പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും വെബ്സൈറ്റിൽ കൊടുക്കുന്നുണ്ട്. എം.എൽ.എ.മാർക്ക് അതാത് നിയോജക മണ്ഡലങ്ങളിലെ പ്രവർത്തനങ്ങളെ സംബന്ധിച്ച ഉത്തരവുകൾ എത്തിച്ചു കൊടുക്കണമെന്ന് നിർദ്ദേശം നൽകുന്നതാണ്.

## (2) മഞ്ചേരിയിൽ ഫയർ സ്റ്റേഷൻ

ശ്രീ. എം. ഉമ്മർ: മഞ്ചേരിയിൽ ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച മുൻഗണനാ ലിസ്റ്റിൽ മഞ്ചേരി ഉൾപ്പെട്ടിട്ടില്ലെങ്കിലും അനുയോജ്യമായ സ്ഥലവും കെട്ടിടവും പ്രാഥമിക സൗകര്യങ്ങളും ലഭ്യമാക്കുകയാണെങ്കിൽ ഇതിനാവശ്യമായ ഫണ്ട് സർക്കാർ അനുവദിക്കുന്നതാണ്.

## (3) വെണ്ണല എളമക്കര പദ്ധതി

ശ്രീ. ബെന്നി ബെഹനാൻ: തൃക്കാക്കര നിയോജകമണ്ഡലത്തിൽ വെണ്ണല-എളമക്കര (കെ.എസ്.യു.ഡി.പി.) പദ്ധതിക്ക് അനുമതി നൽകാനും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാനും നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): വെണ്ണല-എളമക്കര (കെ.എസ്.യു.ഡി.പി.)

പദ്ധതി യാതൊരു മുടക്കവും കൂടാതെ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.

(4) പി.എം.ജി.എസ്.വൈ. ഘട്ടം VI -ൽ ഉൾപ്പെടുന്ന പ്രവൃത്തികൾ

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: വയനാട് ജില്ലയിലെ പി.എം.ജി.എസ്.വൈ. പദ്ധതിയുടെ VI, VII, VIII ഫേസിൽപ്പെട്ട പ്രവൃത്തികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം. പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനെ കരിമ്പട്ടികയിൽപ്പെടുത്തണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): വയനാട് ജില്ലയിലെ പി.എം.ജി.എസ്.വൈ. ഘട്ടം VI-ന്റെ പ്രവൃത്തികൾ കരാറുകാരനെ വിളിച്ച് പൂർത്തിയാക്കാനും പൂർത്തിയാക്കിയില്ലെങ്കിൽ പ്രസ്തുത കരാറുകാരനെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്താനും ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഘട്ടം VII-ന്റെ പ്രവൃത്തികൾ 2011-ലെ ഷെഡ്യൂൾ റേറ്റനുസരിച്ച് ടെണ്ടർ വിളിച്ച് പൂർത്തിയാക്കുന്നതാണ്. ഘട്ടം VIII എത്രയുംവേഗം ഫൈനലൈസ് ചെയ്ത് പ്രൊപ്പോസൽ നൽകുന്നതാണ്.

(5) പോലീസ് സ്റ്റേഷൻ കെട്ടിടം

ശ്രീ. എ. എ. അസീസ്: ഇരവിപുരം പോലീസ് സ്റ്റേഷൻ കെട്ടിടത്തിന് ഭൂമി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഇരവിപുരം പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ ഭൂമി കൈമാറ്റ ശുപാർശകൾ ന്യൂനതകൾ പരിഹരിച്ച് അനന്തര നടപടികൾക്കായി സർക്കാരിലേക്ക് സമർപ്പിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### (6) റവന്യൂ ഡിവിഷൻ രൂപീകരണം

ശ്രീ. ടി.എൻ. പ്രതാപൻ: കൊടുങ്ങല്ലൂർ ആസ്ഥാനമായി പുതിയ റവന്യൂ ഡിവിഷൻ രൂപീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ജനസംഖ്യ, ഭൂവിസ്തൃതി, ത്രിതലപഞ്ചായത്ത് സംവിധാനം, പിന്നോക്കാവസ്ഥ, സാമ്പത്തിക ബാധ്യത തുടങ്ങിയ അനുബന്ധഘടകങ്ങൾ പരിഗണിച്ച് കൊടുങ്ങല്ലൂർ റവന്യൂ ഡിവിഷൻ രൂപീകരിക്കണമെന്ന ആവശ്യം ഗവണ്മെന്റ് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

### (7) റവന്യൂ ടവർ നിർമ്മാണം

ശ്രീ. ആർ. സെൽവരാജ്: നെയ്യാറ്റിൻകരയിൽ താലൂക്കാഫീസിന് ആധുനിക രീതിയിലുള്ള കെട്ടിടവും റവന്യൂ ടവറും നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഇത് സംബന്ധിച്ച പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സാമ്പത്തിക ലഭ്യതകൂടി പരിശോധിച്ച് അനുകൂല നടപടികൾ സ്വീകരിക്കുന്നതാണ്.

### (8) കണ്ണൂർ വിമാനത്താവളത്തിന്റെ മൂലധന നിക്ഷേപം

ശ്രീ. സണ്ണി ജോസഫ്: കണ്ണൂർ വിമാനത്താവളത്തിന്റെ മൂലധന നിക്ഷേപത്തിൽ സ്വകാര്യപങ്കാളിത്തത്തിന് നിശ്ചയിച്ചിട്ടുള്ള മിനിമം നിക്ഷേപസംഖ്യ 2 ലക്ഷം രൂപ എന്നതിൽ കുറവ് വരുത്തി സാധാരണക്കാർക്കുകൂടി പങ്കാളിത്തം ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

എക്സൈസും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): കണ്ണൂർ വിമാനത്താവളത്തിന്റെ മൂലധന നിക്ഷേപ പദ്ധതിയിൽ പങ്കെടുക്കാൻ താൽപര്യമുള്ള വിദേശ മലയാളികളുൾപ്പെടെയുള്ളവരുടെ ആവശ്യം

പരിഗണിച്ച് നിക്ഷേപത്തുക 50,000 രൂപയായി കുറയ്ക്കാൻ KIAL ബോർഡ് തീരുമാനിച്ചിട്ടുണ്ട്. അടുത്ത മന്ത്രിസഭാ യോഗത്തിൽ ഇക്കാര്യം പരിഗണിക്കുന്നതാണ്.

**(9) ചാത്തന്നൂർ-പരവൂർ-പാരിപ്പള്ളി റോഡ് നിർമ്മാണം**

ശ്രീ. ജി.എസ്. ജയലാൽ: ചാത്തന്നൂർ-പരവൂർ-പാരിപ്പള്ളി റോഡ് നവീകരിക്കാനും വീതി കൂട്ടാനും ആവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ മടത്തറ പാരിപ്പള്ളി റോഡിന്റെ തുടർച്ചയായി വരുന്ന പരവൂർ റോഡ് വീതി കൂട്ടി BMBC-യിൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**(10) മൊയ്തു പാലം പുതുക്കിപ്പണിയേണ്ടതിന്റെ ആവശ്യകത**

ശ്രീ. കെ. കെ. നാരായണൻ: ദേശീയ പാത-47-ലെ മൊയ്തുപാലത്തിന് ബദലായി പുതിയ പാലം കെട്ടുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): മൊയ്തു പാലത്തിന് ബദലായി ഒരു പാലം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽനിന്നും അനുമതി ലഭിക്കുകയും പാലത്തിന്റെ അപ്രോച്ച് റോഡിന് ആവശ്യമായ 0.75 ഹെക്ടർ ഭൂമി ഫാസ്റ്റ് ട്രാക്ക് പദ്ധതിപ്രകാരം ഏറ്റെടുക്കുന്നതിന് ജില്ലാതല പർച്ചേസ് കമ്മിറ്റി ശുപാർശ ചെയ്യുകയും വില സർക്കാർ അംഗീകരിക്കുകയും ചെയ്തു. പാലംപണിയുടെ എസ്റ്റിമേറ്റിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായാൽ രണ്ടുവർഷത്തിനകം പ്രവൃത്തി പൂർത്തിയാക്കി പാലം ഗതാഗതയോഗ്യമാക്കുന്നതാണ്.

## (11) ഡോക്ടർമാരേയും ജീവനക്കാരേയും നിയമിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. എ. മാധവൻ: മണലൂർ നിയോജകമണ്ഡത്തിലെ പ്രൈമറി ഹെൽത്ത് സെന്ററിൽ കിടത്തിച്ചികിത്സ പുന:സ്ഥാപിക്കുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും മരുന്നുകൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. തൈയ്ക്കാട് പഞ്ചായത്തിലെ ആയുർവ്വേദ ആശുപത്രി പ്രവർത്തനക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): മണലൂർ നിയോജകമണ്ഡലത്തിലെ മുല്ലശ്ശേരി, വാടാനപ്പള്ളി സി.എച്ച്.സി. കളിൽ നിലവിലുള്ള ഒഴിവുകളിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെട്ടിടം നിർമ്മിച്ച് പ്രവർത്തനം തുടങ്ങുവാൻ കഴിയാതിരുന്ന ആയുർവ്വേദ ആശുപത്രി തൈയ്ക്കാട് പഞ്ചായത്തിന് അനുവദിച്ചുകൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം

സബ്ജക്ട് കമ്മിറ്റി-III, V, VI, VIII, XIII എന്നിവയുടെ 2011 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## ധനകാര്യം

## 2011-12 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXV - പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു

പിന്നോക്ക വിഭാഗങ്ങൾ

എന്നിവരുടെ ക്ഷേമം

(433,13,76,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLII - വിനോദസഞ്ചാരം

(84,93,36,000 രൂപ)

സഹകരണ വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXVII - സഹകരണം

(199,93,33,000 രൂപ)

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ.കെ.എം. മാണി): പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക വിഭാഗങ്ങൾ എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയേയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയേയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

(സർവ്വശ്രീ കെ. വി. അബ്ദുൾ ഖാദർ, കെ. വി. വിജയദാസ്, ആർ. സെൽവരാജ്, എസ്. ശർമ്മ, വി. ശിവൻകുട്ടി, ശ്രീ. ബി. സത്യൻ, സാജു പോൾ, സി. കെ. സദാശിവൻ, എ. കെ. ബാലൻ, ഇ. ചന്ദ്രശേഖരൻ, വി. ശശി, ഇ. കെ. വിജയൻ, എ.എ. അസീസ്, ജോസ് തെറ്റയിൽ, കെ. ദാസൻ, വി. ചെന്താമരാക്ഷൻ, എം. ചന്ദ്രൻ, ബാബു എം. പാലിശ്ശേരി, ബി.ഡി.

ദേവസ്സി, എളമരം കരീം, പി. കെ. ഗുരുദാസൻ, എം. ഹംസ, കെ. കെ. ജയ ചന്ദ്രൻ, കോലിയക്കോട് എൻ. കൃഷ്ണൻ നായർ, സി. കൃഷ്ണൻ, കെ. കുഞ്ഞമ്മത് മാസ്റ്റർ, കെ. കുഞ്ഞിരാമൻ (ഉദുമ), കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), കെ. കെ. നാരായണൻ, എ. പ്രദീപ് കുമാർ, പുരുഷൻ കടലുണ്ടി, കെ. രാധാകൃഷ്ണൻ, പി. റ്റി. എ. റഹീം, എസ്. രാജേന്ദ്രൻ, ആർ. രാജേഷ്, രാജു എബ്രഹാം, ജെയിംസ് മാത്യു, എ.എ. അസീസ്, എ.എം. ആരിഫ്, ഇ. പി. ജയരാജൻ, പി. ശ്രീരാമകൃഷ്ണൻ, ജി. സുധാകരൻ, കെ. സുരേഷ് കുറുപ്പ്, എ.കെ. ശശീന്ദ്രൻ, ഡോ. ടി. എം. തോമസ് ഐസക്, ഡോ. കെ.ടി. ജലീൽ, പ്രൊഫ. സി. രവീന്ദ്രനാഥ്, ശ്രീമതിമാർ പി. അയിഷാ പോറ്റി, കെ. എസ്. സലീഖ, ഇ. എസ്. ബിജിമോൾ, ഗീതാ ഗോപി, ജമീലാ പ്രകാശം, കെ. കെ. ലതിക എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.)

<u>സബ്മിഷൻ (തുടർച്ച)</u>

### (12) <u>കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികളുടെ നേരെ നടന്ന ലാത്തിച്ചാർജ്</u>

പ്രതിപക്ഷ നേതാവ് <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ)</u> : കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികളുടെ നേരെ ക്രൂരമായ ലാത്തിച്ചാർജ് നടത്തുകയും വെടിവയ്ക്കുകയും ചെയ്ത സംഭവം സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിനെക്കുറിച്ച് ഗവൺമെന്റിന്റെ അഭിപ്രായം വ്യക്തമാക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u> : കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികളെ പോലീസ് മർദ്ദിച്ചത് സംബന്ധിച്ച അന്വേഷണ

ത്തിന് നിയോഗിച്ച അഡീഷണൽ ചീഫ് സെക്രട്ടറി ഇന്ന് കോഴിക്കോട്ട് പോയിട്ടുണ്ട്. റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ വിവരങ്ങൾ അറിയിക്കുന്നതാണ്.

**ധനകാര്യം (തുടർച്ച)**

ശ്രീ. എ.കെ. ബാലൻ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഭൂ പരിഷ്ക്കരണ നിയമം സമഗ്രമായ രൂപത്തിൽ നടപ്പിലാക്കാൻ കഴിയാതിരുന്നതിനാൽ രാജ്യത്തെ ജനസംഖ്യയുടെ 25 ശതമാനത്തോളം വരുന്ന പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തെ ജാതിയുടെ അടിസ്ഥാനത്തിലുള്ള വിവേചനത്തിൽനിന്നും ചൂഷണത്തിൽനിന്നും മോചിപ്പിക്കുന്നതിന് സാധിച്ചിട്ടില്ല. 1957-ൽ കേരളത്തിൽ അധികാരത്തിൽ വന്ന ഇ.എം.എസ്. മന്ത്രിസഭ ജന്മിത്തം അവസാനിപ്പിച്ച് കൃഷിക്കാരനെ ഭൂമിയുടെ ഉടമയാക്കി ചരിത്ര നേട്ടം കൈവരിച്ചു. മെറിറ്റിന്റെയും സംവരണത്തിന്റെയും അടിസ്ഥാനത്തിൽ ജോലി ലഭിച്ച ഒരു വിഭാഗം സാമൂഹ്യമായും സാമ്പത്തികമായും അൽപ്പം മെച്ചപ്പെട്ടു എന്നതൊഴിച്ചാൽ പൊതുവെ ഈ വിഭാഗത്തിന്റെ സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ ഇപ്പോഴും തുടരുകയാണ്. ഇതിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നത് ആദിവാസി ജനവിഭാഗമാണ്. ഭൂപരിഷ്ക്കരണത്തെത്തുടർന്ന് പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് ലഭിക്കേണ്ട ഭൂമി ഫോറസ്റ്റിലേക്ക് വെസ്റ്റ് ചെയ്തതുകൊണ്ടും തോട്ടം മേഖലയിൽ തോട്ടത്തിന് പരിധിയില്ല എന്നുള്ളതുകൊണ്ടും മലയോര പ്രദേശങ്ങളിലേയും വനപ്രദേശങ്ങളിലേയും ഭൂമി ആദിവാസികൾക്ക് അന്യമായി. 2006-ൽ കൊണ്ടുവന്ന ഭേദഗതി നിയമപ്രകാരം 33000 ആദിവാസികൾക്ക് ഭൂമി ലഭ്യമാകേണ്ടിയിരുന്നതിൽ കഴിഞ്ഞ സർക്കാർ 27771 പേർക്ക് 40660 ഏക്കർ ഭൂമി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു. എൽ.ഡി.എഫ്. സർവ്വേ പൂർത്തിയാ

ക്കിയ 5000 പേർക്കുള്ള ഭൂമി നൽകാൻ ഈ ഗവൺമെന്റ് നടപടി സ്വീകരിക്കണം. വയനാട് ജില്ലയിലെ കൃഷ്ണഗിരി വില്ലേജിൽ ആദിവാസികൾക്ക് അർഹതപ്പെട്ട 16.75 ഏക്കർ ഭൂമി നൽകാൻ കഴിഞ്ഞിട്ടില്ല. ഭൂവുടമയ്ക്ക് അനുകൂലമായ സമീപനം ഹൈക്കോടതിയിൽ ഗവൺമെന്റ് സ്വീകരിച്ചതിന്റെ ഫലമായി ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമി നഷ്ടപ്പെടുന്ന സ്ഥിതി വന്നിരിക്കുകയാണ്. ആദിവാസികളെ ക്രൂരമായി മർദ്ദിക്കുകയും വിദ്യാർത്ഥികൾക്കുനേരെ വെടിവയ്പ്പ് നടത്തുകയും ചെയ്ത പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാത്തത് പ്രതിഷേധാർഹമാണ്. പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന ഫണ്ടുകൾ യു.ഡി.എഫ്. സർക്കാർ നാമമാത്രമായിട്ടാണ് ചെലവഴിച്ചിട്ടുള്ളത്. ആദിവാസികളുടെ സമഗ്ര ആരോഗ്യ പദ്ധതിക്ക് ഈ സർക്കാർ തുക വകയിരുത്തിയിട്ടില്ല. കാട്ടുനായ്ക്കർ, കാടർ, ചോളനായ്ക്കർ തുടങ്ങിയ വിഭാഗങ്ങളുടെ സർവ്വതോന്മുഖമായ ഉന്നതിക്കായി ആവിഷ്ക്കരിച്ച പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കണം. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്രൊഫഷണൽ കോഴ്സുകളിലേക്ക് പ്രവേശനം ലഭിക്കാൻ പ്രാപ്തരാക്കുന്നതിനായി പ്രത്യേകം പരീക്ഷ നടത്തി കൂടുതൽ സീറ്റുകളിൽ പ്രവേശനം നൽകിയ സ്ഥാനത്ത് ഈ ഗവൺമെന്റ് കേവലം രണ്ടോമൂന്നോ സീറ്റുകൾ മാത്രമാണ് നൽകിയത്. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ റെഗുലേഷനിൽ ഭേദഗതി വരുത്താൻ സംസ്ഥാന ഗവൺമെന്റ് നിയമനിർമ്മാണം നടത്തണം. അടിസ്ഥാനവർഗ്ഗ വികസനത്തിനും പുരോഗതിക്കുമായി എൽ.ഡി.എഫ്. എന്നും പ്രവർത്തിപഥത്തിലുണ്ടാകും.

<u>ശ്രീ. വി. പി. സജീന്ദ്രൻ :</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എസ്.സി.-എസ്.ടി. വിഭാഗങ്ങൾ, ഒ.ബി.സി., ഒ.ഇ.സി., മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ എന്നിവരുടെ സമഗ്ര വികസനത്തിനായി ഈ ഗവൺമെന്റ് നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. 100 ദിനകർമ്മപരിപാടിയുടെ ഭാഗമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യമായി സൈക്കിൾ വിതരണം നടത്തിയതും വിദ്യാർത്ഥികളിൽ കമ്പ്യൂട്ടർ പരിജ്ഞാനവും വായനാശീലവും വളർത്തുന്നതിന് വിജ്ഞാൻവാടി പദ്ധതിക്ക് തുടക്കം കുറിച്ചതും സ്വാഗതാർഹമാണ്. വിഷൻ 2013 നടപ്പാക്കാനുള്ള സർക്കാർ തീരുമാനം അഭിനന്ദനാർഹമാണ്. മോഡൽ റെസിഡൻഷ്യൽ സ്കൂൾ ഇല്ലാത്ത പ്രദേശങ്ങളിൽ അവ അനുവദിക്കാനും പുതിയ അംഗീകൃത അൺഎയിഡഡ് പ്ലസ് ടു സ്കൂളുകളിൽ പഠിക്കുന്ന എസ്.സി./എസ്.ടി. കുട്ടികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകാനും നടപടിയുണ്ടാകണം. കോളനികൾ കേന്ദ്രീകരിച്ച് വിജ്ഞാൻവാടികളുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കണം. പ്രീമെട്രിക് ഹോസ്റ്റലുകളിൽ സ്ഥിരമായി വാർഡനെ നിയമിക്കണം. The Scheduled Castes and Scheduled Tribes (Prevention of Atrocities) Act പ്രകാരമുള്ള കേസുകൾ തീർപ്പാക്കാൻ കൂടുതൽ കോടതികൾ അനുവദിക്കണം.

<u>ശ്രീ. ഇ.കെ. വിജയൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് കൂടുതൽ കോളനികളിൽ വിജ്ഞാനവാടികൾ സ്ഥാപിക്കാൻ തയ്യാറാകണം. ഭൂമി വാങ്ങുന്നതിനായി രണ്ട് ലക്ഷം രൂപ വീതം 100 പേർക്ക് കൊടുക്കാൻ എടുത്തിരുന്ന തീരുമാനം 50 പേർക്കായി ചുരുക്കിയത് പ്രതിഷേ

ധാർഹമാണ്. എസ്.സി.പി./ടി.എസ്.പി. ഇനങ്ങളിലുള്ള ഫണ്ട് മുഴുവൻ ചെലവഴിക്കാൻ സാധിക്കണം. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ആദിവാസി മേഖലയ്ക്കുവേണ്ടി സ്തുത്യർഹമായ സേവനമാണ് നടത്തിയിട്ടു ള്ളത്. സംസ്ഥാനത്ത് ഒരു എസ്.സി./എസ്.ടി. നയം രൂപീകരിക്കണം. ആദിവാസി കോളനികളിലെ റോഡ് വികസനത്തിനായി അറ്റാച്ച്ഡ് റോഡുകളെ പുറംറോഡുകളുമായി ബന്ധിപ്പിക്കണം. ടൂറിസം മേഖലയുടെ വികസനത്തിന് കൂടുതൽ പ്രാധാന്യം നൽകണം. സഹകരണ പ്രസ്ഥാനത്തിനുനേരെ ജനാധിപത്യ വിരുദ്ധ സമീപനം സ്വീകരിക്കുന്നത് ശരിയല്ല.

ശ്രീ. സി. മോയിൻകുട്ടി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമന്റ് ആദിവാസികൾക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ സമയബന്ധിത മായി പൂർത്തിയാക്കുമെന്ന കാര്യത്തിൽ സംശയമില്ല. അവിവാഹിതരായ അമ്മമാരുടെ പെൻഷൻ തുക ആയിരം രൂപയായി വർദ്ധിപ്പിച്ചതും ഭൂമിയും വീടുമില്ലാത്തവർക്കായി 6 കോടി 70 ലക്ഷംരൂപ അനുവദിച്ചതും അഭിനന്ദ നാർഹമാണ്. ആദിവാസികൾക്ക് റേഷൻ കാർഡുകളും ജീവിതോപാധി യായി കന്നുകാലികളേയും കോഴികളേയും നൽകിയതും അവരുടെ ക്ഷേമ ത്തിനുവേണ്ടി മഹിളാ ശിക്ഷക് കേന്ദ്രങ്ങൾ ആരംഭിച്ചതും വിദ്യാർത്ഥികൾക്ക് സൈക്കിളുകൾ വിതരണം ചെയ്തതും സൗജന്യ എൻട്രൻസ് കോച്ചിംഗിന് നടപടി സ്വീകരിച്ചതും സ്വാഗതാർഹമാണ്. ആറളം ഭൂമി വിതരണം ചെയ്യാൻ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് മാസങ്ങൾക്കുള്ളിൽ 735 പേർക്ക് ഭൂമി വിതരണം ചെയ്തു. വീടില്ലാത്തവർക്ക് വീട് വയ്ക്കുന്നതിന് നൽകുന്ന ധന സഹായം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. ആദിവാസിക

ളുടെയിടയിൽ മദ്യ ഉപയോഗം കൂടിയിരിക്കുന്നതിനാൽ അതിനെതിരെ ബോധവൽക്കരണ നടപടികളും മദ്യ ഉൽപ്പാദനത്തിനെതിരെ കർശന നടപടിയും സ്വീകരിക്കണം. ആദിവാസി കോളനികളുടെ സമീപത്തുള്ള സി.എച്ച്.സി.-കളിലും പി.എച്ച്.സി.-കളിലും കിടത്തിച്ചികിൽസ സാദ്ധ്യമാക്കണം. ആദിവാസി വിഭാഗത്തിൽപ്പെട്ട മെഡിക്കൽ-എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകിയതും ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്തിയതും സ്കോളർഷിപ്പ് അനുവദിച്ചതും ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ അലവൻസ് വർദ്ധിപ്പിച്ചതും മെയിന്റനൻസ് ഗ്രാന്റ് വർദ്ധിപ്പിക്കാനെടുത്ത തീരുമാനവും അഭിനന്ദനാർഹമാണ്. പുതിയ സർക്കാരിന്റെ നൂറ് ദിവസത്തെ ഭരണത്തിനുള്ളിൽ ആയിരത്തോളം ആദിവാസി കുടുംബങ്ങൾക്ക് 25 സെന്റ് ഭൂമി വീതം നൽകിയതും വല്ലാർപ്പാടം പദ്ധതിക്കുവേണ്ടി ഭൂമി വിട്ടുകൊടുത്ത 300-ഓളം പട്ടിണിപ്പാവങ്ങൾക്ക് ഭൂമി നൽകാൻ സാധിച്ചതും ഈ ഗവൺമെന്റിന്റെ നേട്ടമാണ്. ഹർത്താലുകളും ബന്ദും ഒഴിവാക്കിയാൽ മാത്രമേ ടൂറിസം വികസനം സാദ്ധ്യമാകുകയുള്ളൂ.

ശ്രീമതി ജമീലാ പ്രകാശം: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ടൂറിസത്തെ വ്യവസായമായി അംഗീകരിച്ചുകൊണ്ട് പ്രഖ്യാപിച്ച പല കാര്യങ്ങളും ഇവിടെ നടപ്പാക്കിയിട്ടില്ല. പകർച്ചവ്യാധികളും മാലിന്യക്കൂമ്പാരവും ശുദ്ധജലക്ഷാമവും പൊട്ടിപ്പൊളിഞ്ഞ റോഡുകളും ടൂറിസം വികസനത്തെ ബാധിക്കാതിരിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണം. കടലോരങ്ങളേയും കായലോരങ്ങളേയും മലയോരങ്ങളേയും കൂട്ടിയോജിപ്പിച്ച് ടൂറിസം വികസനത്തിന് സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കണം. ടൂറിസം നയത്തിന് രൂപം നൽകുമ്പോൾ തിരുവിതാംകൂർ-മലബാർ മേഖലകൾക്ക് പ്രത്യേകം ടൂറിസം സർക്യൂട്ടുകൾ രൂപീകരിക്കണം.

ടൂറിസം മേഖലയിൽ ഉയർന്ന നിലവാരത്തിലുള്ള റോഡുകൾ നിർമ്മിക്കുന്നതിനും നഗരങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന വിമാന-ഹെലിക്കോപ്റ്റർ സർവ്വീസുകൾ ആരംഭിക്കാനും കഴിയണം. റെയിൽവേ-ബസ്-വിമാന സ്റ്റേഷനുകളിൽ ടൂറിസ്റ്റുകൾക്ക് ഹെൽപ് ലൈൻ സൗകര്യവും ഡി.ജി.പി.യുടെ മേൽനോട്ടത്തിൽ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ഹോട്ട്ലൈൻ സംവിധാനങ്ങളുമുണ്ടാകണം. ടൂറിസ്റ്റ് സെന്ററുകളിൽ വൃത്തിയുള്ള ടോയ്ലെറ്റുകളും പരിസര ശുചീകരണ സംവിധാനങ്ങളുമുണ്ടാകണം. ഡി.ടി.പി.സി.-കൾ വ്യക്തമായ കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. മെഡിക്കൽ ടൂറിസം മേഖലയിൽ അലോപ്പതിയോടൊപ്പം ആയുർവ്വേദത്തിന്റേയും സിദ്ധവൈദ്യത്തിന്റേയും പരിചരണം നൽകാൻ കഴിയുമെന്നത് ടൂറിസ്റ്റുകളുടെ ശ്രദ്ധയിൽ കൊണ്ടുവരണം. ടൂറിസം മേഖലയുടെ വികസനത്തിനായി കൂടുതൽ തുക മാറ്റിവയ്ക്കണം. ടൂറിസ്റ്റുകളോട് മാന്യമായി പെരുമാറാനുള്ള മനോഭാവം ജീവനക്കാരിലും നാട്ടുകാരിലും വളർത്തിയെടുക്കാൻ ബോധവൽക്കരണം നൽകണം. ഹർത്താലുകളും ബന്ദുകളും ഒഴിവാക്കിയാൽ മാത്രമേ ടൂറിസം വികസനം സാധ്യമാകുകയുള്ളൂ. കോവളം മുതൽ പൂവാർ വരെയുള്ള മേഖലയിൽ ടൂറിസം വികസനത്തിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കണം. കോവളത്ത് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തുകയും ബീച്ചിലും റോഡിലുമുള്ള മാലിന്യങ്ങൾ നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുകയും ചെയ്യണം. കൊച്ചിയിലും കുമരകത്തും വർക്കലയിലുമുള്ള ഹോട്ടലുകളുടെ ഭരണപരമായ നിയന്ത്രണം സർക്കാർ ഏറ്റെടുക്കണം. ദളിത് ക്രൈസ്തവർക്ക് സംവരണത്തിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കാനും ജനസംഖ്യാ വർദ്ധനവിനനുസരിച്ച് സംവരണ ശതമാനം ഉയർത്താനും നടപടി സ്വീകരിക്കണം. സഹകരണ ബാങ്കുകളിലെ

ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി.. വഴി നിയമനം നടത്താനും സഹകരണ ബാങ്കുകളിൽ നിന്ന് ലഭിക്കുന്ന വായ്പാപരിധി ഉയർത്താനും നടപടി സ്വീകരിക്കണം.

ശ്രീ. റ്റി.യു. കുരുവിള: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമ പദ്ധതികൾക്കായി കൂടുതൽ തുക ബഡ്ജറ്റിൽ നീക്കിവയ്ക്കുകയും ഭൂരഹിതരും ഭവനരഹിത രുമായ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്ക് വസ്തു വാങ്ങുന്ന തിനും വീട് വയ്ക്കുന്നതിനും നൽകിയിരുന്ന തുകയുടെ പരിധി വർദ്ധിപ്പി ക്കുകയും ചെയ്ത നടപടി സ്വാഗതാർഹമാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ 25,000 രൂപവരെയുള്ള കാർഷിക കടങ്ങൾ എഴുതി ത്തള്ളിയതും എൽ.പി/യു.പി./ഹൈസ്ക്കൂൾ വിഭാഗങ്ങളിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ഗ്രാന്റ് വർദ്ധിപ്പിച്ചതും വിദ്യാർത്ഥികളുടെ യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എട്ടാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് സൈക്കിൾ വാങ്ങുന്നതിന് ധന സഹായം നൽകിയ നടപടിയും അഭിനന്ദനാർഹമാണ്. പട്ടികജാതി-പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് യൂണിഫോമിനൊപ്പം തുന്നൽക്കൂലി നൽകാനും അവരുടെ ഗ്രാന്റുകൾ വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. കോതമംഗ ലത്തെ വനിതാ ഹോസ്റ്റൽ പ്രവർത്തിപ്പിക്കാനും നേര്യമംഗലത്ത് നിർമ്മിക്കുന്ന ഹോസ്റ്റലിന്റെ പണി പൂർത്തിയാക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം. വന്യമൃഗങ്ങളുടെ ഉപദ്രവംമൂലം കൃഷി ചെയ്യാൻ കഴിയാത്ത ആദിവാസികളെ സംരക്ഷിക്കാനും ഭൂമി ഉപേക്ഷിച്ചുപോയവർക്ക് പകരം ഭൂമി നൽകാനും വീട് പണിയുന്നതിനാവശ്യമായ മെറ്റീരിയൽസ് നൽകാനും നടപടി സ്വീകരിക്കണം. ആദിവാസികളോടുള്ള ഫോറസ്റ്റ്

ഡിപ്പാർട്ടുമെന്റിന്റെ സമീപനത്തിൽ മാറ്റം വരുത്താനും അവരുടെ യാത്രാ ക്ലേശം പരിഹരിക്കാനും നടപടി സ്വീകരിക്കണം. ടൂറിസം വികസനത്തിന് ഊന്നൽനൽകിക്കൊണ്ട് റോഡുവികസനം സാധ്യമാക്കണം. പെരിയാർ വാലി പ്രോജക്ടിന്റെ കീഴിലുള്ള കെട്ടിടങ്ങൾ ടൂറിസം ഡിപ്പാർട്ടുമെന്റിന് വിട്ടുകൊടുക്കാനും ഭൂതത്താൻകെട്ട് പ്രദേശത്ത് ടൂറിസം വികസനത്തി നുവേണ്ടിയുള്ള സൗകര്യങ്ങൾ ഒരുക്കാനും നടപടി സ്വീകരിക്കണം. തട്ടേക്കാട് പക്ഷിസങ്കേതം തുറന്നുപ്രവർത്തിപ്പിക്കണം. സഹകരണ സ്ഥാപന ങ്ങൾ വഴി കൃഷിക്കാർക്ക് നൽകുന്ന വായ്പകൾക്ക് പലിശ സബ്സിഡി നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അട്ടപ്പാടിയിലും മറ്റ് കോളനികളിലും ആദിവാസികളുടെ ഭൂമി കയ്യേറുന്നത് തടയാൻ നടപടി സ്വീകരിക്കണം. ആദിവാസികളെ ഉദ്ധരിക്കുമെന്നും പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുമെ ന്നുമുള്ള സർക്കാർ വാഗ്ദാനം പാലിക്കപ്പെടണം. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങിക്കൊടുക്കുന്ന പദ്ധതിയിൽ നടന്ന അഴിമതിയെക്കുറിച്ച് അന്വേഷിക്കണം. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റും ലംപ്സം ഗ്രാന്റും ഹോസ്റ്റൽ ആനുകൂല്യങ്ങളും വർദ്ധിപ്പിക്കണം. മുഖ്യമന്ത്രി മുതൽ ചീഫ് വിപ്പ് വരെയുള്ളവരുടെ സ്റ്റാഫിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരായി എത്രപേരുണ്ടെന്നത് പരിശോധിക്കണം. വിദ്യാഭ്യാസ പാക്കേജ് നടപ്പിലാക്കുമ്പോൾ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടരുത്

<u>ശ്രീ. കെ. വി. വിജയദാസ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ആദിവാസികളുടേയും പാവപ്പെട്ടവരുടേയും ക്ഷേമത്തിന് പദ്ധതികൾ നടപ്പാക്കാത്ത സ്ഥിതിയാണുള്ളത്. 1532 കോടി രൂപയുടെ വികസന പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കുമെന്ന വാഗ്ദാനം പാലിക്കണം. ഇടമലക്കുടിയിലെ ആദിവാസികൾ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കിലോയ്ക്ക് ഒരു രൂപ നിരക്കിൽ വാങ്ങിയിരുന്ന അരി ഇപ്പോൾ കിലോയ്ക്ക് 11 രൂപ നിരക്കിൽ വാങ്ങേണ്ടിവരുന്ന അവസ്ഥയ്ക്ക് പരിഹാരം കാണണം. ആദിവാസി മേഖലകളിൽ പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നത് തടയാൻ നടപടി സ്വീകരിക്കണം. ആദിവാസികളുടെ 16.75 ഏക്കർ ഭൂമി തട്ടിയെടുത്തത് സംബന്ധിച്ച് അന്വേഷിക്കുകയും ആ ഭൂമി അവർക്കുതന്നെ തിരിച്ചുനൽകാൻ നടപടി സ്വീകരിക്കുകയും ചെയ്യണം. സർക്കാർ ഭൂമി അനധികൃതമായി മറിച്ചുവിൽക്കുന്നതിനും ആദിവാസികളുടെ ഭൂമി അനധികൃതമായി കൈവശം വയ്ക്കുന്നതിനുമെതിരെ നടപടി സ്വീകരിക്കണം. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുമെന്ന വാഗ്ദാനം പാലിക്കണം. അതിന് ടെണ്ടർ കൊടുക്കാതെ നടപടി സ്വീകരിച്ചത് ആക്ഷേപകരമാണ്. ഈ ഗവണ്മെന്റ് സ്വീകരിച്ച നടപടികളുടെ ഫലമായി സഹകരണ മേഖലയിൽ നാലായിരം കോടി രൂപയുടെ നിക്ഷേപം കുറഞ്ഞിരിക്കുകയാണ്. കാർഷിക ബാങ്കുകൾക്ക് ഡയറക്ട് കോഡ് ടാക്സ് ഏർപ്പെടുത്തിയത് സംബന്ധിച്ച ഗവണ്മെന്റ് നിലപാട് വ്യക്തമാക്കണം. സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പരീക്ഷാ ബോർഡ്വഴി അഴിമതിരഹിതമായി നടത്താൻ നടപടി സ്വീകരിക്കണം. കേരളത്തിനുള്ള വായ്പ കുറച്ചിരിക്കു

ന്നതിനാൽ സഹകരണ മേഖലയിലെ ബാങ്കുകൾക്ക് വായ്പ കൊടുക്കാൻ കഴിയാത്ത അവസ്ഥയ്ക്ക് പരിഹാരം കാണണം. നെൽകൃഷിക്ക് നബാർഡ് നൽകിയിരുന്ന പലിശരഹിത വായ്പ നിറുത്തലാക്കിക്കൊണ്ട് 8 ശതമാനം പലിശ നിശ്ചയിച്ച് ഇൻഷ്വറൻസ് കമ്പനിക്ക് പ്രീമിയം കൊടുക്കണമെന്ന് പറയുന്നത് കർഷകർക്ക് ഗുണം ചെയ്യില്ല. കേരളത്തിലെ സഹകരണ മേഖലയെ തകർക്കുന്ന സമീപനമാണ് ഈ ഗവണ്മെന്റ് സ്വീകരിക്കുന്നത്.

<u>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക വിഭാഗത്തിന്റെ പുനരുദ്ധാരണത്തിനുവേണ്ടി ഇതുവരെ ചെലവഴിച്ച തുകയുടെ പ്രയോജനം ഉണ്ടായിട്ടുണ്ടോ എന്നതുസംബന്ധിച്ച് മോണിട്ടറിംഗ് നടത്തണം. യു.ഡി.എഫ്. ഗവണ്മെന്റിന്റെ നൂറുദിനകർമ്മപരിപാടിയിൽ പട്ടികവർഗ്ഗ വിഭാഗത്തിനുവേണ്ടി പ്രഖ്യാപിക്കപ്പെട്ട 12 പദ്ധതികളിൽ 11-ഉം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. എട്ടാംക്ലാസിൽ പഠിക്കുന്ന മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും സൈക്കിൾ അനുവദിക്കുമെന്ന പ്രഖ്യാപനം അഭിനന്ദനാർഹമാണ്. ആറളം ഫാമിലെ കുടുംബങ്ങൾക്ക് ഭൂമി നൽകിയതും കർഷകത്തൊഴിലാളി പെൻഷൻ വർദ്ധിപ്പിച്ചതും പ്രശംസനീയമാണ്. റേഷൻ കാർഡില്ലാത്തവർക്ക് റേഷൻ നൽകിയതും ഹോസ്റ്റലുകളിൽ ലൈബ്രറി സ്ഥാപിച്ചതും സ്വാഗതാർഹമാണ്. ത്രിതലപഞ്ചായത്തുകൾ പദ്ധതിവിഹിതത്തിൽ ചെലവഴിക്കുന്ന തുകയുടെ ഇരുപത്തിരണ്ടര ശതമാനം പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിനുവേണ്ടിയായിരിക്കണമെന്ന് നിഷ്കർഷിക്കപ്പെട്ടിട്ടുണ്ടെങ്കിലും തുക ചെലവഴിക്കാതെ ലാപ്സായി പോകുന്നത് സംബന്ധിച്ച് പരിശോധിക്കണം. പട്ടികജാതിക്കാർ അധിവസിക്കുന്ന പ്രദേശത്തേക്ക് റോഡുകൾ നിർമ്മിക്കുമ്പോൾ 51 ശതമാനം ഗുണഭോക്താക്കൾ ഈ വിഭാഗത്തിൽപ്പെട്ടവരായിരി

ക്കണമെന്ന നിബന്ധന റോഡ് നിർമ്മാണത്തെ ബാധിക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കാണണം. പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും ഓവർസിയർമാരുടെയും അഭാവം ഫണ്ട് ലാപ്സാകുന്നതിന് കാരണമാകുന്നുണ്ട്. SSLC പരീക്ഷയിൽ B+ കിട്ടിയ മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പ്ലസ്ടൂവിന് അഡ്മിഷൻ കൊടുക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗങ്ങൾക്ക് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരം ബാക്ക്ലോഗ് നികത്താൻ ഡയറക്ട് റിക്രൂട്ട്മെന്റ് നടത്തണം. പിന്നോക്കവിഭാഗങ്ങളുടെയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും ഉന്നമനത്തിനായി സ്കൂളുകളും കോളേജുകളും സ്ഥാപിക്കണം. സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി വഖഫ് ബോർഡിന് 2 കോടി രൂപ നൽകാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്. മദ്രസകളിലെ അദ്ധ്യാപകർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കണം. അയ്യപ്പൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശയനുസരിച്ച് പിന്നോക്ക വിഭാഗ വകുപ്പ് രൂപീകരിക്കാൻ നടപടി സ്വീകരിക്കണം. തൊഴിൽ മേഖല ആദായകരമാക്കുന്നതിന് സമഗ്രമായ പാക്കേജ് പ്രഖ്യാപിക്കണം. പി.എസ്.സി. നിയമനങ്ങളിൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ ഒറ്റ യൂണിറ്റായി കണക്കാക്കി നിയമനം നടത്തണം. പി.എസ്.സി.-ക്ക് വിടാത്ത സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണതത്വം പാലിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. ഐ.സി. ബാലകൃഷ്ണൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നൂറുദിനകർമ്മപരിപാടിയിലൂടെ പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി

പ്രഖ്യാപിച്ച പന്ത്രണ്ട് പദ്ധതികളിൽ പതിനൊന്നും നടപ്പാക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്. കേരളത്തിലെ പട്ടികവർഗ്ഗ കോളനികളിലെ വിദ്യാർത്ഥി കളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി കാസർഗോഡ് ഒരു ഷോർട്ട് സ്റ്റേ ഹോം, കമ്പ്യൂട്ടർ മേഖലയിൽ ഇന്റർനെറ്റ് സംവിധാനം, ഐ.ടി. മേഖലയിലെ വിജ്ഞാനവാടി പദ്ധതി തുടങ്ങിയവ ആദ്യമായി നടപ്പാക്കിയ ഈ ഗവൺമെന്റിന്റെ പ്രവർത്തനം അഭിനന്ദനാർഹമാണ്. ആറളം ഫാമിൽ 735 പേർക്ക് ഭൂമി വിതരണം ചെയ്ത് പാവപ്പെട്ട ആദിവാസികളെ സംരക്ഷിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥി കൾക്ക് പ്രഭാത ഭക്ഷണം നല്കുന്നതും സൈക്കിൾ വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ചതും സ്വാഗതാർഹമാണ്. 2771 വീടുകൾ പൂർത്തീകരിക്കാനുള്ള തിൽ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി 270 വീടുകളുടെ പണി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആദിവാസികൾക്ക് വീട് നിർമ്മിക്കുന്ന തിനുള്ള ധനസഹായം ഒന്നേകാൽ ലക്ഷം രൂപയിൽനിന്നും 2.50 ലക്ഷം രൂപയായി വർദ്ധിപ്പിച്ചത് പ്രശംസനീയമാണ്. ഈ ധനസഹായം യഥാർത്ഥ ഗുണഭോക്താക്കൾക്ക് ഉപയോഗപ്രദമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണം. മെഡിസിൻ, എഞ്ചിനീയറിംഗ് മേഖലകളിൽ ആധുനിക രീതിയിലുള്ള മാറ്റങ്ങൾ വരുത്തുന്നതിന് ഇച്ഛാശ ക്തിയോടുകൂടിയുള്ള ഗവൺമെന്റിന്റെ പ്രവർത്തനത്തെ അഭിനന്ദിക്കുന്നു. 1854 കുടുംബങ്ങൾക്ക് റേഷൻ കാർഡ് വിതരണം ചെയ്തത് സ്വാഗതാർഹമാ ണ്. പ്രീമെട്രിക് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തു ന്നതിന് ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ആദിവാസി മേഖലയിൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് രൂപീകരിക്കപ്പെട്ട ഊരുകൂട്ട

ങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് സംവിധാനമുണ്ടാക്കണം. പട്ടികജാതി-പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കണം. ആദിവാസികളുടെ കൈവശമുള്ള തരിശുഭൂമി ഗവൺമെന്റ് ഏറ്റെടുത്ത് കാർഷികമേഖലയാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കണം. പാവപ്പെട്ട ആദിവാസികൾക്ക് വരുമാനമാർഗ്ഗം കണ്ടെത്തുന്നതിനായി പശുക്കളെ വിതരണം ചെയ്യാൻ ഗവൺമെന്റ് തയ്യാറാകണം. സ്വയംതൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി എസ്.സി./എസ്.ടി. കോർപ്പറേഷൻ നൽകുന്ന വായ്പയ്ക്ക് കൂടുതൽ സബ്സിഡി അനുവദിക്കണം. ആദിവാസികളുടെ അന്യാധീനപ്പെട്ടുപോയ ഭൂമി അളന്നുതിട്ടപ്പെടുത്തണം. ഗവൺമെന്റ് ആശുപത്രികളിൽ ആദിവാസികൾക്ക് പ്രത്യേക വാർഡ് നിർമ്മിച്ചുകൊണ്ടുള്ള ചികിത്സാസംവിധാനം ഏർപ്പെടുത്തണം. കേരളത്തിലെ പട്ടികവർഗ്ഗക്കാരെ സാംക്രമിക രോഗങ്ങളിൽനിന്നും സംരക്ഷിക്കുന്നതിനായി ജില്ലാതലത്തിൽ പ്രത്യേക സെൽ ആവിഷ്ക്കരിക്കണം. കലാകായിക മേഖലയിൽ കഴിവുള്ള പട്ടികവർഗ്ഗക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി ട്രൈബൽ മേളകൾ സംഘടിപ്പിക്കണം. പട്ടികവർഗ്ഗ കോളനികളിലെ ആദിവാസികളെ അമിത മദ്യപാനത്തിൽനിന്നും പിന്തിരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. എസ്. രാജേന്ദ്രൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ആദിവാസി മേഖലയിൽ റേഷൻകാർഡ് ഒന്നിന് പത്ത് ലിറ്റർ മണ്ണെണ്ണ വീതം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാ ആദിവാസികൾക്കും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. തോട്ടം മേഖലയിലെ ആദിവാസികൾക്ക് പി.എൽ.സി.-യുമായി ആലോചിച്ച് കൂലി വർദ്ധിപ്പിക്കണം. മൂന്നാറിലെ

റോഡുകൾ പുതുക്കിപ്പണിയുന്നതിനും വിനോദസഞ്ചാരികൾക്ക് വേണ്ടത്ര സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. ആദിവാസി മേഖലയിലെ പട്ടയ പ്രശ്നം പരിഹരിക്കണം. സഹകരണ ബാങ്കുകളിൽ നിന്നും എടുക്കുന്ന വായ്പയ്ക്ക് പലിശയിളവ് നൽകുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ ഹൈബി ഈഡൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ടൂറിസം രംഗത്തെ അനന്തസാധ്യതകൾ വിനിയോഗിക്കാൻ സാധിക്കണം. കേരള ട്രാവൽ മാർട്ട് കൂടുതൽ കാര്യക്ഷമമായി നടത്തണം. മാർക്കറ്റിംഗിന് ഏറ്റവും ഇന്നൊവേറ്റീവായ കാമ്പെയിൻ ടെക്നിക് ഉപയോഗിക്കുന്നതിന് ഉദ്യോഗസ്ഥവൃന്ദത്തെ ചുമതലപ്പെടുത്താൻ ടൂറിസം വകുപ്പ് തയ്യാറാകണം. റെസ്പോൺസിബിൾ ടൂറിസം പദ്ധതിയും ഇക്കോ ടൂറിസം പദ്ധതിയും കൂടുതൽ കാര്യക്ഷമമായി നടപ്പാക്കാനുള്ള സംവിധാനം ഉണ്ടാക്കണം. മുസിരിസ് പൈതൃക പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കണം. വ്യക്തമായ ഒരു ടൂറിസം നയം പ്രഖ്യാപിക്കണം. മാലിന്യ സംസ്ക്കരണ ത്തിന് സംവിധാനമുണ്ടാക്കണം. എസ്.ടി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകാനെടുത്ത തീരുമാനത്തേയും ആറളം ഫാമിലെ 735 കുടുംബങ്ങൾക്ക് ഭൂമി നൽകാനുള്ള നടപടിയേയും സ്വാഗതം ചെയ്യുന്നു. എസ്.സി. വിദ്യാർത്ഥികളുടെ സ്റ്റൈപന്റ് വർദ്ധിപ്പിക്കണം.

**റൂളിംഗ്**

**14-10-2011-ൽ സഭയിലുണ്ടായ സംഭവം സംബന്ധിച്ച്**

മി. സ്പീക്കർ: ഒക്ടോബർ 14-ാം തീയതി സഭയിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉന്നയിച്ച ഒരു സബ്മിഷന് മുഖ്യമന്ത്രി നൽകിയ മറുപടിയെ

ത്തുടർന്ന് സഭയിൽ നടന്ന സംഭവങ്ങൾ അത്യന്തം ദൗർഭാഗ്യകരമാണ്. ഇതു സംബന്ധിച്ച് സർവ്വശ്രീ. ടി.വി. രാജേഷ്, ജെയിംസ് മാത്യു, ശ്രീമതി കെ. കെ. ലതിക എന്നീ ബഹുമാനപ്പെട്ട അംഗങ്ങളും ശ്രീമതി വി.എസ്. രജനി, ശ്രീ. വി. അഭിലാഷ് എന്നീ വാച്ച് ആന്റ് വാർഡ് അംഗങ്ങളും മർദ്ദനമേറ്റതായി പരസ്പരം ആരോപിച്ച് രേഖാമൂലം ചെയറിന് പരാതി നൽകിയിരുന്നു. സംഭവത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുന്നതിനായി ചെയർ പ്രസ്തുത ദിവസത്തെ നിയമസഭാ നടപടികളുടെ വീഡിയോ ദൃശ്യങ്ങൾ കക്ഷിനേതാക്കന്മാരുടെ സാന്നിധ്യത്തിൽ അന്ന് വൈകുന്നേരം 5.00 മണിക്ക് പരിശോധിച്ചതിൽ ശ്രീ. ജെയിംസ് മാത്യു, ശ്രീ. കോടിയേരി ബാലകൃഷ്ണനോട് എന്തോ സംസാരിക്കുന്നതായും പിന്നീട് നടുത്തളത്തിൽ ഇരുന്ന ശ്രീ. ടി. വി. രാജേഷ് എഴുന്നേറ്റ് ജെയിംസ് മാത്യുവിനോടൊപ്പം ഓടിവന്ന് വാച്ച് ആന്റ് വാർഡിന്റെ നിര ഭേദിച്ച് ചെയറിന്റെ ഡയസ്സിലേക്ക് കയറുന്നതിനുള്ള ശ്രമം നടത്തുന്നതായി വ്യക്തമാണ്. അംഗങ്ങൾ രണ്ടുപേരും വാച്ച് ആന്റ് വാർഡ് തീർത്ത വലയം ഭേദിച്ച് ചെയറിന്റെ ഡയസ്സിൽ എത്താൻ നടത്തിയ ശ്രമത്തിനിടയിലാണ് വനിതാ ജീവനക്കാരിക്ക് ക്ഷതമേറ്റത്. ജനറൽ ആശുപത്രിയിൽ ചികിത്സയ്ക്കായി പ്രവേശിപ്പിച്ച വനിതാജീവനക്കാരിയെ 15-ാം തീയതി ഡിസ്ചാർജ് ചെയ്തിട്ടുണ്ട്. ഇതിനുമുമ്പ് സഭാതലത്തിൽ 9 തവണ അക്രമ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. സഭയുടെ പ്രത്യേക അവകാശങ്ങളുടെ ലംഘനം നടത്തിയതായി തെളിഞ്ഞ സാഹചര്യത്തിൽ ബന്ധപ്പെട്ട അംഗങ്ങൾക്കെതിരെ ശിക്ഷാനടപടിയും സഭ സ്വീകരിച്ചിട്ടുണ്ട്. പല സംഭവങ്ങളിലും പുരുഷന്മാരായ വാച്ച് ആന്റ് വാർഡിന് പരിക്ക് പറ്റുകയും കോടതിവരെ ഇതുസംബന്ധിച്ച പരാതി എത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു വനിതാ ജീവനക്കാരിയുടെ നേരെ ആക്രമണം

ഉണ്ടായതായി പരാതി ലഭിച്ചത്. ഇത് നമ്മുടെ അംഗങ്ങളുടെ ഭാഗത്തുനിന്നും മന:പൂർവ്വമായി ഉണ്ടായ ഒരു നടപടിയായി ചെയർ കരുതുന്നില്ല. ജനകീയ ആവശ്യങ്ങൾ സഭാതലത്തിൽ കൊണ്ടുവരികയും അതിനായി ശബ്ദ മുയർത്തുകയും ചെയ്യുന്നത് ഒരു നിയമസഭാ സാമാജികന്റെ കടമയാണ്. എന്നാൽ എല്ലാ സീമകളും ലംഘിച്ച് സഭാതലത്തിൽ അക്രമത്തിൽക്കൂടി കാര്യങ്ങൾ നടത്തുന്നതിനുളള ശ്രമങ്ങൾ വർദ്ധിച്ചുവരുന്നത് ഈ ജനാധിപത്യ സ്ഥാപനത്തെ ശക്തിപ്പെടുത്താൻ എത്രമാത്രം ഉപകരിക്കും എന്ന് ചിന്തി ക്കേണ്ടിയിരിക്കുന്നു. സഭയുടെ അന്തസ്സും മാന്യതയും കാത്തുസൂക്ഷിക്കേണ്ട കടമ രണ്ടുപക്ഷത്തുമുളള അംഗങ്ങൾക്കുണ്ട്. നിസ്സാരകാര്യങ്ങൾക്കുപോലും സഭയുടെ നടുത്തളത്തിൽ ഇറങ്ങുന്ന പ്രവണത കൂടിവരുന്നു. ഈ സമ്മേളന ത്തിൽ, 12 ദിവസത്തെ സഭാസമ്മേളനത്തിനിടയിൽ 9 തവണയാണ് അംഗ ങ്ങൾ നടുത്തളത്തിൽ വന്നത്. 4 ദിവസം ബഹളം കാരണം സഭാനടപടികൾ നിശ്ചയിച്ച സമയത്തിന് മുമ്പേ അവസാനിപ്പിക്കേണ്ടതായി വന്നു. അക്രമ സംഭവങ്ങളും പ്രതിഷേധവും അമിത പ്രാധാന്യം നേടുന്നതോടുകൂടി യഥാർത്ഥ വസ്തുതകൾ പിന്തളളപ്പെടുന്നു. ഒന്നരവർഷം മുമ്പ് നില വിൽവന്ന പെരുമാറ്റച്ചട്ടങ്ങൾ ഈ സമ്മേളന കാലയളവിൽത്തന്നെ പല തവണ ലംഘിക്കപ്പെട്ടു. ജനാധിപത്യത്തിന്റെ ശ്രീകോവിലായ സഭയുടെ അന്തസ്സ് നിലനിറുത്തുന്നതോടൊപ്പം ഗവൺമെന്റ് ബിസിനസ്സ് ഭംഗിയായി നടത്തിക്കൊടുക്കേണ്ട ഉത്തരവാദിത്വവും ചെയറിനുണ്ട്. എല്ലാ വിഭാഗം അംഗങ്ങളുടേയും അവകാശം സംരക്ഷിക്കേണ്ടതും ചെയറിന്റെ ചുമത ലയാണ്. അവകാശസംരക്ഷണത്തിന്റെ പേരിൽ ചെയറിന്റെ തീരുമാനങ്ങൾ അംഗീകരിക്കുകയില്ല എന്നതാണ് ചില അംഗങ്ങളുടെ പരസ്യമായ നിലപാട്. ഇന്നുരാവിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും ബഹുമാന്യനായ പ്രതിപ

ക്ഷനേതാവിന്റെയും സാന്നിദ്ധ്യത്തിൽ നിരവധി പ്രാവശ്യം ചർച്ചകൾ നടന്നു. ബഹുമാനപ്പെട്ട അംഗങ്ങളായ സർവ്വശ്രീ. ടി.വി. രാജേഷും ജെയിംസ് മാത്യുവും ചെയറിന്റെ ചേമ്പറിൽ വന്ന് സംഭവങ്ങളിൽ ഖേദം രേഖപ്പെടുത്തി. ഈ സാഹചര്യത്തിൽ, ഇക്കാര്യത്തിൽ കൂടുതൽ കടുത്ത നടപടികളിലേക്ക് നീങ്ങേണ്ടതില്ലെന്ന് ചെയർ കരുതുന്നു.

(''ചെയറിന്റെ ചേമ്പറിൽ വന്ന് സംഭവങ്ങളിൽ ഖേദം രേഖപ്പെടുത്തി''യെന്ന സ്പീക്കറുടെ പരാമർശം ശരിയല്ലെന്ന് ഉച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ട് സർവ്വശ്രീ. ടി. വി. രാജേഷ്, ജെയിംസ് മാത്യു എന്നീ അംഗങ്ങൾ ബഹളം ഉണ്ടാക്കുകയും മറ്റ് പ്രതിപക്ഷാംഗങ്ങളോടൊപ്പം സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്തു.)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : 'ശ്രീ. ടി.വി. രാജേഷ്, ശ്രീ. ജെയിംസ് മാത്യു എന്നീ അംഗങ്ങൾ സഭയോട് കടുത്ത അനാദരവും ഗുരുതരമായ അച്ചടക്കലംഘനവും നടത്തിയിരിക്കുകയാണ്. നിയമസഭാ സാമാജികരുടെ പെരുമാറ്റച്ചട്ടത്തിന്റെ ലംഘനമാണ് ഇക്കാര്യത്തിൽ സംഭവിച്ചിട്ടുള്ളത്. ആയതിനാൽ ശ്രീ. ടി. വി. രാജേഷ്, ശ്രീ. ജെയിംസ് മാത്യു എന്നീ അംഗങ്ങളെ ഇന്നും നാളെയും സഭ പിരിയുന്നതുവരെ സഭയിൽനിന്ന് സസ്പെന്റ് ചെയ്യാൻ തീരുമാനിക്കുന്നു' എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ചീഫ് വിപ്പ് (ശ്രീ. പി.സി. ജോർജ്): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : മുഖ്യമന്ത്രിയുടെ പ്രമേയത്തിൽ ശക്തിയായി പ്രതിഷേധിക്കുന്നു. ഇത് സംബന്ധിച്ച ബഹുമാനപ്പെട്ട സ്പീക്കറുടെ വ്യക്തമായ റൂളിംഗിനെ എതിർത്തുകൊണ്ടും അനാദരിച്ചുകൊണ്ടുമുള്ള ഗവൺമെന്റിന്റെ ഈ നിലപാടിനെ ശക്തിയായി

എതിർക്കുന്നു. ഗവൺമെന്റിന്റെ ഈ സമീപനത്തിൽ പ്രതിഷേധിച്ചുകൊണ്ട് പ്രതിപക്ഷം ഇവിടെ സത്യാഗ്രഹമിരിക്കുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ച് സഭയുടെ നടുത്തളത്തിൽ സത്യാഗ്രഹമിരുന്നു.)

മി. സ്പീക്കർ : ചേംബറിൽ വച്ച് നടന്ന ധാരണയ്ക്ക് വിരുദ്ധമായി ഒന്നും ചെയർ ഇവിടെ പറഞ്ഞിട്ടില്ല. ഇന്ന് രാവിലെ മുതൽ മുഖ്യമന്ത്രിയുടെയും പ്രതിപക്ഷനേതാവിന്റെയും മറ്റു കക്ഷി നേതാക്കളുടെയും സാന്നിദ്ധ്യത്തിൽ നിരന്തരമായി നടന്ന ചർച്ചയുടെ അവസാനം ഉണ്ടായ ധാരണയുടെ അടിസ്ഥാനത്തിലാണ് ചെയർ റൂളിംഗ് നൽകിയത്. അവസാനം എന്തുകൊണ്ടാണ് ഇങ്ങനെ പറയുന്നതെന്നറിയില്ല. കക്ഷിനേതാക്കന്മാരുമായി നടത്തിയ മാരത്തോൺ ചർച്ചയുടെ ഫലമായി ചേംബറിൽ രണ്ട് പ്രാവശ്യം വന്ന് അംഗങ്ങൾ സംസാരിച്ചു. ചെയർ അവരോട് സംസാരിച്ചു. ആ ധാരണയുടെ അടിസ്ഥാനത്തിലുള്ള റൂളിംഗ് ചെയർ നൽകുമ്പോൾ ശ്രീ. ജെയിംസ് മാത്യുവും ശ്രീ. ടി.വി. രാജേഷും വീണ്ടും ചാടിയെഴുന്നേറ്റത് വളരെ ഖേദകരമാണ്. ഇത് നടപടി ചട്ടങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും നിയമങ്ങൾക്കും വിരുദ്ധമാണ്. ഇത് അംഗീകരിക്കാൻ സാധ്യമല്ല. ദയവുചെയ്ത് കടുത്ത നടപടികളിലേക്ക് പോകാൻ ചെയറിനെ നിർബന്ധിക്കരുത്.

**(ധനകാര്യം ചർച്ച – തുടർച്ച)**

ശ്രീ. കെ.എൻ.എ. ഖാദർ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. കെ. ശിവദാസൻ നായർ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ടൂറിസത്തിന്റെ കാര്യത്തിൽ ഒരു പ്രത്യേക കലണ്ടർ ഉണ്ടാക്കണം. ആറന്മുള ജലോത്സവമുൾപ്പെടെയുള്ള വിഷയങ്ങൾക്ക് പ്രാധാന്യം നൽകണം. ജില്ലാ സഹകരണ ബാങ്കുകളിൽ ജനാധിപത്യം കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ) : ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളെയും ക്രിയാത്മകമായ വിമർശനങ്ങളെയും വളരെ ഗൗരവമായി പരിഗണിക്കും. വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ ഊർജ്ജമായി ഇത്തരം നിർദ്ദേശങ്ങളെ കാണുന്നു. പട്ടികജാതി ക്ഷേമം, പിന്നോക്കക്ഷേമ പ്രവർത്തനം, പിന്നോക്കക്ഷേമ ഡയറക്ടറേറ്റ് രൂപീകരണം, ടൂറിസം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് പറയേണ്ടതുണ്ട്. പ്രസംഗം മേശപ്പുറത്തു വയ്ക്കുന്നു. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി.കെ. ജയലക്ഷ്മി) : ധനാഭ്യർത്ഥന ചർച്ചയിൽ ഒട്ടേറെ നിർദ്ദേശങ്ങളും ഗൗരവമായ വിമർശനങ്ങളും ഉയർന്നുവരികയുണ്ടായി. എല്ലാ നല്ല നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് വകുപ്പ് മുന്നോട്ടുപോകുന്നതാണ്. പ്രസംഗം മേശപ്പുറത്തുവയ്ക്കുന്നു. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ) :പാലക്കാട് ജില്ലയിൽ സഹകരണ മേഖലയിൽ ഒരു മെഡിക്കൽ കോളേജ് ആശുപത്രിക്കുള്ള നടപടികൾ ആരംഭിക്കുന്നതാണ്. വർഷങ്ങളായി വാടകക്കെട്ടിടങ്ങളിൽ

പ്രവർത്തിക്കുന്ന സഹകരണ സംഘം രജിസ്ട്രാർ ഓഫീസും അനുബന്ധ ഓഫീസുകളും പ്രവർത്തിക്കുന്നതിനായി ആസ്ഥാന മന്ദിരം നിർമ്മിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. പ്രസംഗം മേശപ്പുറത്തുവയ്ക്കുന്നു. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 1.55-ന് പിരിഞ്ഞു.

(സഭ പിരിഞ്ഞതിനുശേഷവും പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിൽ സത്യാഗ്രഹം തുടർന്നു.)